**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കേന്ദ്ര സർക്കാർ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ "നാപ്കിൻ വെണ്ടിംഗ് & ഡെസ്ട്രോയർ മെഷീൻ സ്ഥാപിക്കൽ" (പ്രോജക്ട് നം.961/17) പദ്ധതി പ്രോജക്ട് റിവിഷൻ നടത്തി പദ്ധതി ചെലവിന്റെ **65%** തുകയായ **56,42,194/-** രൂപ കൂടി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.137/2019/തസ്വഭവ തിരുവനന്തപുരം, തീയതി 23.01.2019

---

പരാമർശം:-1) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.07.2018 ലെ E7/3724/16/TDP നമ്പർ കത്ത്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.10.2018-ലെ 2004/D1/2016/SM നമ്പർ കത്ത്

<u>**ഉത്തരവ്**</u>

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "നാപ്കിൻ വെണ്ടിംഗ് & ഡെസ്ട്രോയർ മെഷീൻ സ്ഥാപിക്കൽ" (പ്രോജക്ട് നം.961/17) എന്ന പദ്ധതി നടപ്പാക്കിയിരുന്നു. ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 35 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി [സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ Solid Waste Management Component] 64,99,900/- രൂപയും ചേർത്ത് ആകെ 99,99,900/- രൂപ വകയിരുത്തിയാണ് ജില്ലാ പഞ്ചായത്ത് ഈ പദ്ധതിക്ക് അംഗീകാരം നേടിയത്. ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നാപ്കിൻ വെണ്ടിംഗ് മെഷിൻ, നാപ്കിൻ ഡിസ്ട്രോയർ മെഷീൻ എന്നിവ സ്ഥാപിക്കുന്ന ഈ പദ്ധതി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് മുഖേനയാണ് നടപ്പിലാക്കിയത്. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കിയിരുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി ചെലവിന്റെ 35% തുക ജില്ലാ പഞ്ചായത്തിന്റെ വിഹിതത്തിൽ നിന്നും അനുവദിക്കുമെന്നും ബാക്കി 65% തുക സ്വച്ഛ് ഭാരത് മിഷൻ വിഹിതമായി ശുചിത്വമിഷനിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്നും ജില്ലാ പഞ്ചായത്തും എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി ഒപ്പുവച്ച കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള 142 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആകെ 150 മെഷീനുകൾ എച്ച്.എൽ.എൽ വിതരണം ചെയ്യുകയും തുടർന്ന് ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും 30,17,850/- രൂപ എച്ച്.എൽ.എൽ-ന് നൽകുകയും ചെയ്തിരുന്നു. പദ്ധതി ചെലവിന്റെ 65% തുകയായ 56,42,194/- രൂപ ശുചിത്വമിഷനിൽ നിന്നും സ്വച്ഛ് ഭാരത് വിഹിതമായി അനുവദിക്കാത്തതിനെ തുടർന്ന് പ്രസ്തുത തുക ശുചിത്വ മിഷൻ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പദ്ധതി ഏറ്റെടുക്കുന്നതിന് മുൻപ് എസ്.ബി.എം വിഹിതം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ശുചിത്വ മിഷനിൽ ഫണ്ട് ലഭ്യത ഉറപ്പാക്കി അനുമതി വാങ്ങിയിരുന്നില്ല എന്നും പദ്ധതി കരാറിൽ ശുചിത്വ മിഷൻ കക്ഷിയല്ല എന്നും നഗരസഭകൾക്ക് അവകാശപ്പെട്ട എസ്.ബി.എം (നഗരം) പദ്ധതിയുടെ ഖരമാലിന്യ പരിപാലന ഫണ്ടിൽ നിന്നും ത്രിതല പഞ്ചായത്തുകൾക്ക് ഫണ്ട് നൽകാനാവില്ല എന്നും നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിന് അംഗീകരിച്ചുകിട്ടുന്ന ഫണ്ടിൽ നിന്നുമാത്രമേ എസ്.ബി.എം (നഗരം) പദ്ധതിയിൽ തുക അനുവദിക്കാനാവൂ എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെൺകുട്ടികളുടെ വ്യക്തി ശുചിത്വത്തിനും, ആരോഗ്യസംരക്ഷണത്തിനും ഏറെ പ്രയോജനം ചെയ്യുന്ന പദ്ധതി മാതൃകാപരമായി എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടപ്പിലാക്കുകയും, ആയത് പരിപാലിച്ച് പോരുകയും ചെയ്യുന്നതിനാൽ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ "നാപ്കിൻ വെണ്ടിംഗ് & ഡെസ്ട്രോയർ മെഷീൻ സ്ഥാപിക്കൽ" (പ്രോജക്ട് നം.961/17) പദ്ധതി, പ്രോജക്ട് റിവിഷൻ നടത്തി പദ്ധതി ചെലവിന്റെ 65% തുക കൂടി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി, തിരുവനന്തപുരം ജില്ലാപഞ്ചായത്ത്
ഡയറക്ടർ (മാർക്കറ്റിങ്), എച്ച്.എൽ. എൽ ലൈഫ് കെയർ ലിമിറ്റഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ